REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **41 വർഷത്തിന് ശേഷം ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംഷു ശുക്ലയുമായി ആക്സിയം സ്പെയ്സിന്റെ നാലാമത് ബഹിരാകാശ ദൗത്യം നാളെ ആരംഭിക്കും.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ മുന്നണികൾ കൂടുതൽ സജീവമാക്കി.**
- **ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ അചഞ്ചലനിലപാട് ലോക രാജ്യങ്ങളെ അറിയിക്കുന്നതിന് രൂപീകരിച്ച സർവ കക്ഷി സംഘത്തിന്റെ അമേരിക്കൻ സന്ദർശനം അവസാനിച്ചു.**
- **സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി ആരംഭിക്കും.**
- **കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് തിരി തെളിഞ്ഞു.**
- **ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ, പുരുഷ സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽകരാസിന് കിരീടം.**

## വാർത്തകൾ വിശദമായി

41 വർഷത്തിന് ശേഷം ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംഷു ശുക്ലയും മൂന്നംഗസംഘവും ഉൾപ്പെടുന്ന ആക്സിയം സ്പെയ്സിന്റെ നാലാമത് മനുഷ്യ ബഹിരാകാശ ദൗത്യം നാളെ ആരംഭിക്കും. ഇന്ത്യൻ സമയം വൈകിട്ട് 5.52ന് നാസയുടെ ഫ്ളോറിഡ കെന്നഡി സ്പെയ്സ് സെന്ററിൽ നിന്നാണ് വിക്ഷേപണം.

ഡെസ്ക് റിപ്പോർട്ട്.....

......വോയ്സ്.......

ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാംഷു ശുക്ല ഉൾപ്പെടെ നാലുപേരാണ് 14 ദിവസത്തെ ശാസ്ത്രീയ ദൗത്യത്തിനായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് യാത്ര തിരിക്കുന്നത്. സംഘം ബുധനാഴ്ച രാത്രി പത്തു മണിയോടെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശുഭാംഷു ശുക്ലയ്ക്ക് പുറമെ പോളണ്ടിലെ സ്ലാവോസ് ഉസ്നാൻസ്കി, ഹംഗറിയയിലെ ടിബോർ കപു, അമേരിക്കയിലെ പെഗ്ഗി വിറ്റ്സൺ, എന്നിവരാണ് ബഹിരാകാശ യാത്രികർ. രാകേഷ് ശർമയുടെ 1984-ലെ ദൗത്യത്തിന് ശേഷം ബഹിരാകാശത്ത് യാത്ര ചെയ്യുന്ന ഇന്ത്യയിലെ രണ്ടാമത്തെ ബഹിരാകാശ യാത്രികനായി ശുഭാംഷു ശുക്ല മാറുകയാണ്. ശാസ്ത്രീയ അറിവ് വികസിപ്പിക്കുന്നതിലും ആഗോള ബഹിരാകാശ സഹകരണം വളർത്തിയെടുക്കുന്നതിലും ഒരു കുതിച്ചുചാട്ടം എന്നാണ് മിഷൻ കമാൻഡറായ പെഗ്ഗി വിറ്റ്സൺ ദൗത്യത്തെ വിശേഷിപ്പിച്ചത്.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ മുന്നണികൾ കൂടുതൽ സജീവമാക്കി. LDF സ്ഥാനാർത്ഥി എം സ്വരാജിന്റെ പര്യടനം അമരമ്പലം സൗത്തിൽ നിന്ന് രാവിലെ ആരംഭിക്കും. വൈകിട്ട് ഏഴരയ്ക്ക് പന്നിക്കുളത്താണ് ഇന്നത്തെ സമാപനം. UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ തെരഞ്ഞെടുപ്പ് പ്രചാരണം രാവിലെ പാലാങ്കരയിൽ നിന്ന് തുടങ്ങും. വൈകിട്ട് ഏഴിന് പനങ്കയത്താണ് ഇന്നത്തെ സമാപനം. NDA സ്ഥാനാർത്ഥി മോഹൻജോർജിന്റെ പ്രചാരണം ഉച്ച തിരിഞ്ഞ് മണ്ണാത്തിപൊയിൽ നിന്ന് ആരംഭിക്കും. രാത്രി എട്ടിന് പൂക്കോട്ടുംപാടത്താണ് സമാപന പൊതുയോഗം.

നിലമ്പൂരിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ രണ്ടാംഘട്ട റാൻഡമൈസേഷൻ പൊതു നിരീക്ഷകരുടേയും, സ്ഥാനാർത്ഥികളുടെയോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ഇന്ന് നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ അറിയിച്ചു. ഒന്നാംഘട്ട റാൻഡമൈസേഷനിൽ അനുവദിച്ചു കിട്ടിയ മെഷീനുകൾ റാൻഡം അടിസ്ഥാനത്തിൽ പോളിംഗ് സ്റ്റേഷനുകളിലേക്ക് അനുവദിച്ചു നൽകുകയാണ് രണ്ടാംഘട്ടത്തിൽ ചെയ്യുന്നത്.

✪✪✪

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ അചഞ്ചലനിലപാട് ലോക രാജ്യങ്ങളെ അറിയിക്കുന്നതിന് രൂപീകരിച്ച സർവ കക്ഷി സംഘത്തിന്റെ അമേരിക്കൻ സന്ദർശനം അവസാനിച്ചു. കോൺഗ്രസ് MP ഡോ. ശശി തരൂർ നേതൃത്വം

നൽകിയ സംഘം US വൈസ് പ്രസിഡന്റ് JD വാൻസുമായും ഡെപ്യൂട്ടി സെക്രട്ടറി ക്രിസ്റ്റഫർ ലാൻഡൗ വുമായും രാഷ്ട്രീയ നയതന്ത്ര കൂടിക്കാഴ്ച നടത്തി. പാക് ഭീകരതയെ ചെറുക്കുന്നതിന് ഇന്ത്യ സ്വീകരിച്ച ശക്തമായ ദൃഢനിശ്ചയം സംഘാംഗങ്ങൾ വിശദീകരിച്ചു.

പഹൽ ഗാം ഭീകരാക്രമണത്തെ തുടർന്നുണ്ടായ സാഹചര്യങ്ങൾ അന്താരാഷ്ട്ര സമൂഹത്തെ ബോധ്യമാക്കുന്നതിന് ഇന്ത്യ ഏഴ് ബഹുകക്ഷി പ്രതിനിധി സംഘങ്ങളാണ് രൂപീകരിച്ചത്. 33 ആഗോള തലസ്ഥാനങ്ങളിലാണ് സർവകക്ഷി സംഘത്തിന്റെ പര്യടനം.

✪✪✪

കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ് മൊണോക്കോയിൽ നോർവെ അന്താരാഷ്ട്ര വികസന മന്ത്രി ഓസ്മണ്ട് ഗ്രോവർ ഓക്രസ്റ്റുമായി കൂടിക്കാഴ്ച നടത്തി. ജമ്മു കശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തിൽ നോർവെ ഇന്ത്യയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചതായി ജിതേന്ദ്രസിംഗ് അറിയിച്ചു. ഇന്ത്യയെ അനുകൂലിച്ച് നോർവെയിൽ ശക്തമായ പൊതുജനവികാരമുണ്ടെന്നും ഇരു രാജ്യങ്ങളും തമ്മിൽ സമുദ്ര ഗവേഷണം, പ്രതിരോധ ശേഷി, സമ്പദ് വ്യവസ്ഥ എന്നീ മേഖലകളിൽ സഹകരണം കൂടുതൽ മെച്ചപ്പെടുത്താൻ തീരുമാനിച്ചതായും ജിതേന്ദ്രസിംഗ് പറഞ്ഞു.

✪✪✪

പരിസ്ഥിതിസൗഹൃദ സമീപനം, സമൃദ്ധമായ വിഭവങ്ങൾ, ഊർജ്ജസ്വലമായ യുവത്വം എന്നിവയിലൂടെ ഇന്ത്യ ഒരു ആഗോള ഉൽപ്പാദന കേന്ദ്രമായി മാറുമെന്ന് കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി പറഞ്ഞു. കർണാടകയിലെ ധാർവാഡിൽ ഒരു പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുന്ന രാജ്യമായി ഇന്ത്യ ഉയർന്നുവന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

നമ്മുടെ രാജ്യം ലോകത്തിലെ മൂന്നാമത്തെ വലിയ ഉൽപ്പാദന രാഷ്ട്രമായി ഉയർന്നുവരികയാണെന്നും ഏറ്റവും വലിയ കയറ്റുമതി രാജ്യമായും ഇന്ത്യ വികസിച്ചു കൊണ്ടിരിക്കുകയാണെന്നും പ്രൽഹാദ് ജോഷി പറഞ്ഞു.

✪✪✪

12 രാജ്യങ്ങളിലെ പൗരന്മാർക്ക് അമേരിക്കയിൽ പ്രവേശിക്കുന്നതിന് വിലക്കേർപ്പെടുത്തിയ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഉത്തരവ് ഇന്ന് പ്രാബല്യത്തിൽ വരും. അഫ്ഗാനിസ്ഥാൻ, മ്യാൻമർ, ചാഡ്, റിപ്പബ്ലിക് ഓഫ് കോംഗോ, ഇക്വറ്റോറിയൽ ഗിനിയ, എറിത്രിയ, ഹെയ്തി, ഇറാൻ, ലിബിയ,

സൊമാലിയ, സുഡാൻ, യെമൻ എന്നീ രാജ്യങ്ങളിൽ നിന്നാണ് യാത്രാ വിലക്ക് ഏർപ്പെടുത്തിയത്. ബുറുണ്ടി, ക്യൂബ, ലാവോസ്, സിയറ ലിയോൺ, ടോഗോ, തുർക്ക്മെനിസ്ഥാൻ, വെനിസ്വേല എന്നിവയുൾപ്പെടെ ഏഴ് രാജ്യങ്ങളിൽ നിന്ന് പ്രവേശനം ഭാഗികമായും നിയന്ത്രിക്കും.

ഭീകരത, മോശം തിരിച്ചറിയൽ പരിശോധന, വിസ കാലാവധി കഴിഞ്ഞിട്ടും തങ്ങുന്നത്, ക്രിമിനൽ റെക്കോർഡ് സൂക്ഷിക്കുന്നതിലെ അപര്യാപ്തത എന്നിവയാണ് യാത്രാ നിരോധനത്തിന് കാരണങ്ങളായി ട്രംപ് ഭരണകൂടം വ്യക്തമാക്കിയത്.

✪✪✪

തിരുവനന്തപുരം പൂജപ്പുരയിൽ വനിതാ ശിശു വകുപ്പ് കോംപ്ലക്സിനകത്ത് നിർമ്മിച്ച പുതിയ സഖി വൺ സ്റ്റോപ്പ് സെന്റർ കെട്ടിടം രാവിലെ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. 60 ലക്ഷം രൂപ ചെലവഴിച്ചാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത്. ചടങ്ങിൽ മന്ത്രി V ശിവൻകുട്ടി അധ്യക്ഷനാകും.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയൽ, അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യ - നിയമസഹായം, പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയുടെ ഭാഗമാണ് സഖി വൺ സ്റ്റോപ്പ് സെന്റർ.

✪✪✪

നിലമ്പൂർ വഴിക്കടവിൽ പന്നിക്കെണിയിൽ നിന്ന് ഷോക്കേറ്റ് മരിച്ച അനന്തുവിന്റെ വിയോഗത്തിൽ പ്രിയങ്ക ഗാന്ധി MP ദുഃഖം രേഖപ്പെടുത്തി. അനന്തുവിന്റെ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ പങ്ക് ചേരുന്നുവെന്നേ് അവർ പറഞ്ഞു. ഇത്തരം സംഭവങ്ങളിൽ സുരക്ഷയിലും ജാഗ്രതയിലും അടിയന്തര ശ്രദ്ധ വേണ്ടതായിരുന്നുവെന്നും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഷാനു വിജയ്, യദു കൃഷ്ണൻ എന്നിവർ സുഖം പ്രാപിക്കട്ടെയെന്നും പ്രിയങ്കാഗാന്ധി ആശംസിച്ചു.

✪✪✪

നിലമ്പൂർ വിഴിക്കടവിൽ ഷോക്കേറ്റ് മരിച്ച അനന്തുവിന്റെ വീട് ഇന്ന് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ KV മനോജ് കുമാർ സന്ദർശിക്കും. രാവിലെ പത്തരയ്ക്കാണ് സന്ദർശനം.

✪✪✪

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി ആരംഭിക്കും. ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസമാണ് ട്രോളിങ്ങ് നിരോധനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നീരജ്ലാൽ...

...........വോയ്സ്.........

അർദ്ധരാത്രി നീണ്ടകരപ്പാലത്തിന്റെ തൂണുകളിൽ ഫിഷറീസ് അധികൃതർ ഇരുമ്പ് ചങ്ങല ബന്ധിക്കുന്നതോടെ സംസ്ഥാനത്ത് ട്രോളിങ് നിരോധനം നിലവിൽവരും. യന്ത്രവത്കൃത ബോട്ടുകൾ അർദ്ധരാത്രിക്ക്മുൻപ് നീണ്ടകര പ്പാലത്തിന് കിഴക്ക് ഭാഗത്ത് അഷ്ടമുടിക്കായലിലേക്ക് മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ നാലായിരത്തോളം ട്രോളിങ് ബോട്ടുകളാണുള്ളത്. ഇവയ്ക്ക് കടലിൽ പോകാനാകില്ല. ഇവ ഈ കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തും. അതേസമയം പരമ്പരാഗത യാനങ്ങൾക്കും , മോട്ടോറൈസ്ഡ് ബോട്ടുകൾക്കും ഈ കാലയളവിൽ ഉപരിതല മത്സ്യബന്ധനത്തിന് അനുമതിയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ട്രോളിങ് നിരോധനം നിലവിലുണ്ട്. അതിനാൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള 20 നോട്ടിക്കൽ മൈലിനപ്പുറത്തേക്ക് മോട്ടോറൈസ്ഡ് ബോട്ടുകൾക്ക് മത്സ്യബന്ധനത്തിന് അനുമതിയില്ല. ട്രോളിങ് നിരോധനം സമാധാനപരമായി നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി.

✪✪✪

ജൂൺ 21 അന്താരാഷ്ട്രാ യോഗാ ദിനാചരണത്തിന്റെ ഭാഗമായി ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിട്യൂട്ട് ഓഫ് ആയുർവേദ ഇന്ന് മുതൽ 'യോഗാ സമാവേഷ് ' എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ അയ്യങ്കാർ യോഗ ശില്പശാല സംഘടിപ്പിക്കും. ബുധനാഴ്ച വരെ ഉച്ച രണ്ട് മുതൽ മൂന്ന് വരെയാണ് ശില്പശാല. പ്രശസ്ത അയ്യങ്കാർ യോഗാ അധ്യാപകൻ അമിത് ശർമയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുക. അയ്യങ്കാർ പാരമ്പര്യത്തിന്റെ മുഖമുദ്രകളായ ശരീര വിന്യാസ സാങ്കേതിക വിദ്യകളിലും മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിലും ശില്പശാല ശ്രദ്ധ കേന്ദ്രീകരിക്കും.

✪✪✪

ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC ഐറിന ഇന്ന് വിഴിഞ്ഞം തുറമുഖത്ത് എത്തും. രാവിലെ എട്ടോടെയാണ് കപ്പൽ വിഴിഞ്ഞം തുറമുഖത്ത് ബെർത്ത് ചെയ്യുക.

399.9 മീറ്റർ നീളവും 61.03 മീറ്റർ വീതിയും 24,346 TEU ശേഷിയുണ്ട് MSC ഐറിനയ്ക്ക്.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് തിരി തെളിഞ്ഞു. ഇന്നലെ രാത്രിയോടെ ആരംഭിച്ച നെയ്യാട്ടം പുലർച്ചയോടെ പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

..........വോയ്സ്.........

80 ഓളം മഠങ്ങളിൽ നിന്നായി 2000ലേറെ വരുന്ന നെയ്യമൃത്കാർ കൊട്ടിയൂരിലെത്തിയതോടെയാണ് ഇന്നലെ രാത്രി നെയ്യാട്ടത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചത്. സന്ധ്യയോടെ മാനന്തവാടി മുതിരേരിക്കാവിൽ നിന്ന് മുതിരേരി വാളും എഴുന്നള്ളിച്ചുകൊണ്ടുവന്നു.കുറ്റ്യാടി ജാതിയൂർ മഠത്തിൽ നിന്ന് ഓടയും തീയും എത്തിയതിന് ശേഷം തന്ത്രിമാരും സ്ഥാനികരും അക്കരെ കൊട്ടിയൂരിലെത്തി ചോതി വിളക്ക് തെളിയിച്ചു. 11 മാസക്കാലം സ്വയംഭൂവിനെ മൂടിയ അഷ്ടബന്ധം നീക്കുന്ന നാളം തുറക്കൽ ചടങ്ങിന് ശേഷമാണ് നെയ്യാട്ടം ആരംഭിച്ചത്. വില്ലിപ്പാലൻ കുറുപ്പിന്റെയും തമ്മേങ്ങാടൻ നമ്പ്യാരുടെയും നെയ്യാണ് ആദ്യം അഭിഷേകം ചെയ്തത് .തുടർന്ന് വിവിധ മഠങ്ങളിൽ നിന്നുള്ള വ്രതക്കാരുടെ നെയ്യ് പുലർച്ചെ വരെ അഭിഷേകം ചെയ്തു. ഇന്ന് രാത്രി മണത്തണ കരിമ്പന ഗോപുരത്തിൽ നിന്ന് അക്കരെ കൊട്ടിയൂരിലേക്ക് ഭണ്ഡാരം എഴുന്നള്ളിക്കും .നാളെ രാവിലെ മുതൽ ഈ മാസം 30 ന് ഉച്ച ശീവേലി വരെയാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ, പുരുഷ സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽകരാസിന് കിരീടം. ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാനിക് സിന്നറെയാണ് അൽകരാസ് പരാജയപ്പെടുത്തിയത്. ഗ്രാൻഡ് സ്ലാം ചരിത്രത്തിലെ ഏറ്റവും ആവേശകരമായ ഫൈനലിൽ 4-6, 6-7, 6-4, 7-6, 7-6 എന്ന സ്കോറിലാണ് കാർലോസിന്റെ അതിശയിപ്പിക്കുന്ന വിജയം.

ഇതോടെ, അൽകരാസ് അഞ്ച് പ്രധാന ഫൈനലുകളിലും തോൽവിയറിയാതെ അഞ്ചാമത്തെ ഗ്രാൻഡ് സ്ലാം കിരീടം ഉറപ്പിക്കുന്ന താരമായി മാറി.

വനിതാ ഡബിൾസിൽ രണ്ടാം സീഡ് ഇറ്റാലിയൻ ജോഡിയായ സാറ എറാനിയ്ക്കും ജാസ്മിൻ പൗളിനിയ്ക്കുമാണ് കിരീടം. ഫൈനലിൽ കസാക്കിസ്ഥാന്റെ അന്ന ഡാനിലിന - സെർബിയയുടെ അലക്സാണ്ട്ര ക്രുണിച്ച് സഖ്യത്തെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ കാലവർഷം വീണ്ടും സജീവമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ മാസം 17 വരെ മഴ ശക്തമായി തുടരാനാണ് സാധ്യത. അടുത്ത മൂന്ന് മണിക്കൂറിൽ എറണാകുളം, തൃശൂർ ജില്ലകളിൽ ചില സ്ഥലങ്ങളിൽ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ട്.

നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*CNRT's: സിയാബ്*
*DEO : സി കെ സുബോധ്*